പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1152 | 31.10.2019- ൽ മറുപടിക്ക്

**മെയിൻ സെൻട്രൽ റോഡ് സുരക്ഷിത ഇടനാഴിയാക്കി മാറ്റുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി: | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മെയിൻ സെൻട്രൽ റോഡ് സുരക്ഷിത ഇടനാഴിയാക്കി മാറ്റുന്നതിനുള്ള പ്രവൃത്തിയിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | മെയിൻ സെൻട്രൽ റോഡ് സുരക്ഷിത ഇടനാഴിയാക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ 76% പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. തൈക്കോട് മുതൽ വെട്ടുറോഡ് വരെയുള്ള ഉപരിതല നവീകരണവും - അനുബന്ധ പ്രവൃത്തികളും, അട്ടുർ ഹൈസ്കൂൾ ജംഗ്ഷൻ, പോത്തൻകോട്, കിളിമാനൂർ തുടങ്ങിയ ജംഗ്ഷനുകളുടെ നവീകരണം, എം.സി റോഡിലേക്കുള്ള സൈഡ് റോഡുകളിൽ ആവശ്യമായ സ്ഥലത്ത് ഗ്രേറ്റിംഗ്, 660 മീ ഓട, 2 കലുങ്കുകൾ, സോളാർ സ്ട്രീറ്റ് ലൈറ്റ്, മിനി മാസ്റ്റ് ലൈറ്റ്, സൈഡ് റോഡുകൾ, റോഡ് ഹമ്പ്, റോഡ് മാർക്കിംഗ്. സൈൻ ബോർഡ്, റോഡ് സ്റ്റഡ് ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ പ്രവൃത്തികൾ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ. |
| (ബി) പ്രസ്തുത പദ്ധതിക്കായി ആകെ ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയാണ്; | (ബി) | പ്രസ്തുത പദ്ധതിക്കായി 6.3 കോടി രൂപ മെയിന്റനൻസ് കോസ്റ്റ് ഉൾപ്പെടെ 147 കോടി രൂപയാണ് അടങ്കൽ തുക. |
| (സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ജംഗ്ഷനുകൾ നവീകരിക്കുന്ന തിന്റെയും വഴിവിളക്കുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമ മാക്കുന്നതിന്റെയും പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരി ക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | 2019 ഡിസംബർ 31 നകം പദ്ധതി പൂർത്തികരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ